"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

സി1/3773/16

കെ.എസ്.എച്ച്.ബി ബിൽഡിംഗ്
ശാന്തിനഗർ, തിരുവനന്തപുരം
തീയതി:07/06/2016

## ഭേദഗതി അറിയിപ്പ്-2(Prospectus No.SCVT/03/2016)

സംസ്ഥാനത്തെ സർക്കാർ ഐ.ടി.ഐ കളിൽ 2016 ആഗസ്റ്റ് സെഷനിൽ ആരംഭിയ്ക്കുന്ന SCVT ട്രേഡുകളിലെ പ്രവേശനത്തിനുള്ള പ്രോസ്പെക്ടസുകൾ 03.06.2016-ന് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. ആയതിൽ പ്രോസ്പെക്ടസ് നമ്പർ SCVT/03/2016 -ലെ പൊതുനിർദ്ദേശങ്ങളിൽ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന "പ്രത്യേക ബാച്ചുകൾ" എന്ന ഭാഗം കൂടി ഉൾപ്പെടുത്തി ടി പ്രോസ്പെക്ടസ് ഭേദഗതി വരുത്തിയിരിക്കുന്നു.

സെക്രട്ടറി, എസ്.സി.വി.റ്റി

എല്ലാ ഐ.ടി.ഐ/ബി.റ്റി.സി പ്രിൻസിപ്പാൾമാർക്കും
(വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റ് മുഖേന)

L.08...06.2016.

SCVT/03/2016

## <u>പ്രത്യേക ബാച്ചുകൾ</u>

എസ്.സി.വി.റ്റി കോഴ്സിന്റെ പ്രത്യേക ബാച്ചുകൾ ചുവടെ കുറിക്കുന്ന വിഭാഗങ്ങൾക്കായി തെരഞ്ഞെടുത്ത ഐ.ടി.ഐ-കളിൽ നടത്തുന്നുണ്ട്.

a) പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്കുവേണ്ടി മാത്രം നടത്തുന്ന പ്രത്യേക ബാച്ച് (ഇതിനുള്ള പ്രത്യേക അപേക്ഷകൾ അതാത് ഐ.റ്റി.ഐ-കളിൽ നിന്ന് സൗജന്യമായി ലഭിക്കുന്നതാണ്) അനുബന്ധം 2 ൽ ഓരോ ഐ.ടി.ഐ-കളിലും ഉള്ള ടി ട്രേഡുകളെ കുറിച്ചുള്ള വിവരത്തിൽ, SCP എന്ന് പ്രത്യേകമായി കാണിച്ചിരിക്കുന്നു.

b) തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കീഴിലുള്ള പ്രത്യേക ബാച്ചിലേക്ക് (ഇതിനുള്ള തെരഞ്ഞെടുപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ് തന്നെ നേരിട്ടു നടത്തുന്നതാണ്) തെരഞ്ഞെടുക്കപ്പെടുന്നവർക്ക് സംസ്ഥാന ലേബർ വെൽഫയർ ഫണ്ട് ബോർഡ് സ്റ്റൈപ്പന്റ് നൽകുന്നതാണ്. ലേബർ വെൽഫയർ ഫണ്ട് വിഭാഗത്തിൽ നിന്നും മതിയായ അപേക്ഷകർ ഇല്ലാത്തപക്ഷം പ്രസ്തുത സീറ്റുകളിലേക്ക് മറ്റു വിഭാഗത്തിലുള്ള അപേക്ഷകൾ പരിഗണിക്കുന്നതാണ്. അനുബന്ധം 2 ൽ ഓരോ ഐ.ടി.ഐ-കളിലും ഉള്ള ടി ട്രേഡുകളെ കുറിച്ചുള്ള വിവരത്തിൽ LWF എന്ന് പ്രത്യേകമായി കാണിച്ചിരിക്കുന്നു. ടി ട്രേഡുകളിലേക്കുള്ള അപേക്ഷകൾ, അപേക്ഷയുടെ വലതുഭാഗത്ത് മുകളിൽ LWF എന്നു രേഖപ്പെടുത്തി ഐ.ടി.ഐ-കളിൽ സമർപ്പിക്കേണ്ടതും, ആയതിന്റെ രണ്ടു പകർപ്പുകൾ ആവശ്യമായ രേഖകൾ സഹിതം അപേക്ഷകൻ തൊഴിലാളി ക്ഷേമനിധിബോർഡിന് അയച്ചു കൊടുക്കേണ്ടതുമാണ്. ടി വിഭാഗത്തിനായി നിലവിലുള്ള നിർദ്ദിഷ്ട ട്രേഡുകളിലല്ലാതെ മറ്റു ട്രേഡുകളിലേയ്ക്ക് പ്രവേശനം നേടാൻ ആഗ്രഹിക്കുന്നവർ മെറിറ്റ് വിഭാഗത്തിലേക്ക് പ്രത്യേകം അപേക്ഷ ഐ.ടി.ഐ-യിൽ സമർപ്പിക്കേണ്ടതാണ്.

സെക്രട്ടറി, എസ്.സി.വി.റ്റി